**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1194** | **30-08-2022 - ൽ മറുപടിയ്ക്ക്**

**കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാര തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സ്ഥലമെടുപ്പിനായി 18,48,010 രൂപ മഞ്ചേരി നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുകയ്ക്കുള്ള ചെക്ക് തിരൂർ എൽഎ തഹസിൽദാർക്ക് നൽകിയെങ്കിലും സ്ഥലമേറ്റെടുപ്പ് നടപടികൾ കാലഹരണപ്പെട്ടതിനാൽ 22/09/2017 ൽ തിരൂർ എൽഎ തഹസിൽദാർ ചെക്ക് മടക്കി<br><br>നൽകിയിരുന്നു. മലപ്പുറം ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതികൾ ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കാര്യാട്ട് കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുക അനുവദിച്ച മാതൃകയിൽ മഞ്ചേരി റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എസ്.ടി.എസ്.ബി. അക്കൗണ്ടിൽ ഉള്ള തുക, കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നൽകുവാൻ ശിപാർശ ചെയ്ത ചീഫ് എഞ്ചിനീയറുടെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ടി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുക ലഭിക്കേണ്ടവർ, നൽകേണ്ട തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ മലപ്പുറം ജില്ലയിലെ അവാർഡ് പാസ്സ് ആക്കുന്നതിനു ആവശ്യമായ തുക 1848010/- രൂപയാണെന്നു സ്പെഷ്യൽ തഹസിൽദാർ തിരൂർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാര തുക ലഭിക്കേണ്ടവർ, നൽകേണ്ട തുക സംബന്ധിച്ച വിശദാംശങ്ങൾ റവന്യൂ അധികാരികളിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ